## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4983 24.07.2015-ൽ മറുപടിക്ക്

### ചെങ്കള്ളൂർ സ്വീവറേജ് പമ്പ് ഹൗസ് പ്രവർത്തനക്ഷമമാക്കാൻ നടപടി.

| ചോദ്യം<br>ശ്രീ.വി.ശിവൻകുട്ടി | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | നേമം നിയോജക മണ്ഡലത്തിലെ ചെങ്കള്ളൂരിൽ സ്ഥിതി ചെയ്യുന്ന സ്വീവറേജ് പമ്പ് ഹൗസ് പ്രവർത്തനക്ഷമമല്ലാത്തതു കാരണം കക്കൂസ് മാലിന്യം നിരത്തിലൂടെ ഒഴുകുന്നതു ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ചെങ്കള്ളൂരിൽ സ്ഥിതി ചെയ്യുന്ന പമ്പ് ഹൗസ് പെട്ടെന്നുണ്ടായ മഴയിലും വെള്ളപ്പൊക്കത്തിലും പെട്ട് താത്ക്കാലികമായി പ്രവർത്തനക്ഷമമല്ലാതെയായ തായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ഇതുവരെ പ്രസ്തുത പ്രശ്നം പരിഹരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള നാല് പമ്പ് സെറ്റുകളിൽ രണ്ട് പമ്പുകൾ പ്രവർത്തന ക്ഷമമാണ്. കേടായ രണ്ട് പമ്പുകൾ മാറ്റി പുതിയതായി രണ്ട് പമ്പുകൾ കൂടി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | പ്രസ്തുത പ്രശ്നം എന്നത്തേക്ക് പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | സി) | പുതിയ രണ്ട് പമ്പ് സെറ്റുകൾ ആറ് മാസത്തിനുള്ളിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ